**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2731** **13-02-2024 - ൽ മറുപടിയ്ക്ക്**

**ചെങ്കല്ല് വ്യവസായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ചെങ്കല്ല് വ്യവസായം ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | ചെങ്കൽ ഖനനത്തിനായുള്ള അപേക്ഷാ സ്ഥലം ഒരു ഹെക്ടറിൽ താഴെയാണെങ്കിൽ ക്വാറിയിങ് പെർമിറ്റിനും ഒരു ഹെക്ടറിന് മുകളിലാണെങ്കിൽ ക്വാറിയിങ് ലീസിനുമാണ് അപേക്ഷിക്കേണ്ടത്. ചെങ്കൽ ക്വാറികൾക്ക് ക്വാറിയിംഗ് പെർമിറ്റ് ലഭിക്കുന്നതിനായാണ് അപേക്ഷ സമർപ്പിക്കുന്നതെങ്കിൽ 2015 ലെ കെഎംഎംസി ചട്ടങ്ങളിലെ ചട്ടം 4 ൽ പരാമർശിച്ചിട്ടുള്ള ഫോറം എ യിലുള്ള അപേക്ഷയും 1000 രൂപ ഫീസ് അടച്ച രസീതും, വില്ലേജ് ഓഫീസിൽ നിന്നും ലഭിച്ച സർവ്വേ മാപ്പ്, കൈവശാവകാശ സർട്ടിഫിക്കറ്റ്, (മറ്റ് ഏതെങ്കിലും വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള ഭൂമി ആണെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ നിരാക്ഷേപ സാക്ഷ്യപത്രം), ഡിമാർക്കേഷൻ സർട്ടിഫിക്കറ്റ്, നോൺ അസൈൻമെൻറ് സർട്ടിഫിക്കറ്റ്, നോട്ടറി സാക്ഷ്യപ്പെടുത്തിയ 200 രൂപ മുദ്രപത്രത്തിൽ ഉള്ള ഭൂവുടമയുടെ സമ്മതപത്രം, ജനറൽ അഫിഡവിറ്റ്, അപേക്ഷകരുടെയും വസ്തു ഉടമയുടെയും സ്വയം സാക്ഷ്യപ്പെടുത്തിയ ആധാർ കാർഡിന്റെ പകർപ്പ്, കമ്പനി ആണെങ്കിൽ മെമ്മോറാണ്ടം ഓഫ് ആർട്ടിക്കിൾസ് ആൻഡ് അസോസിയേഷൻ, റെസല്യൂഷൻ, പാർട്ണർഷിപ് ആണെങ്കിൽ പാർട്ണർഷിപ് deed തുടങ്ങിയവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതുണ്ട്. മേൽപ്പറഞ്ഞ രേഖകൾ മൈനിംഗ് & ജിയോളജി വകുപ്പിന്റെ ജില്ലാ ഓഫീസിൽ ഹാജരാക്കുമ്പോൾ ബന്ധപ്പെട്ട ജില്ലാ ആഫീസിൽ നിന്നും അപേക്ഷയും അനുബന്ധ രേഖകളും പരിശോധിച്ച് സ്ഥല പരിശോധന നടത്തി, ശേഷം പെർമിറ്റ് അനുവദിക്കുന്നതിന്റെ ആദ്യപടിയായി അംഗീകരിച്ച മൈനിങ് പ്ലാനും, മറ്റ് വകുപ്പുകൾ അനുവദിക്കുന്ന സ്റ്റാറ്റ്യൂട്ടറി ലൈസൻസുകളും ഉൾപ്പടെയുള്ള രേഖകൾ ഹാജരാക്കുന്നതിനായുള്ള കെഎംഎംസി ചട്ടം 8 |

| | | | |
|---|---|---|---|
| | | | പ്രകാരമുള്ള ലെറ്റർ ഓഫ് ഇൻഡൻറ്റ് (LOI) അനുവദിക്കുകയും ചെയ്യുന്നു. ലെറ്റർ ഓഫ് ഇൻഡൻറ്റ് പ്രകാരം ആവശ്യപ്പെട്ട എല്ലാ രേഖകളും, 2023ലെ കെഎംഎംസി ഭേദഗതി ചട്ട പ്രകാരം വസ്തു ഉടമ അപേക്ഷകൻ അല്ലെങ്കിൽ അപേക്ഷകനും വസ്തു ഉടമയുമായുള്ള കരാർ രജിസ്ട്രേഷൻ വകുപ്പിൽ രജിസ്റ്റർ ചെയ്തതിന്റെ പകർപ്പ് എന്നിവ ഹാജരാക്കുന്ന മുറയ്ക്ക് ജില്ലാ ഓഫീസിൽ നിന്ന് തന്നെ പെർമിറ്റ് അനുവദിക്കുന്നു. മൂവ്മെന്റ് പെർമിറ്റ് അനുവദിക്കുന്നതിന് മുമ്പായി സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്ക് അനുസരിച്ച് ബാങ്ക് ഗ്യാരന്റിയും, റോയൽറ്റിയും അപേക്ഷകൻ ഒടുക്കേണ്ടതായിട്ടുണ്ട്.<br><br>അപേക്ഷ ക്വാറിയിങ് ലീസിനാണെങ്കിൽ 2015 ലെ കെഎംഎംസി ചട്ടങ്ങളിലെ ചട്ടം 27 ൽ പരാമർശിച്ചിരിക്കുന്ന ഫോറം ബി യിലുള്ള അപേക്ഷയോടൊപ്പം അപേക്ഷ ഫീസായി 10,000 രൂപയും, തഹസിൽദാറിൽ നിന്നുള്ള സർവ്വേ സ്കെച്ചും ഇൻകം ടാക്സ് അഫിഡവിറ്റ് / ലേറ്റസ്റ്റ് ഫയൽ ചെയ്തതിന്റെ പകർപ്പ് എന്നിവ കൂടി ക്വാറിയിങ് പെർമിറ്റിനായുള്ള അപേക്ഷയ്ക്ക് സമർപ്പിക്കേണ്ട രേഖകൾക്ക് പുറമെ അപേക്ഷകൻ ഹാജരാക്കേണ്ടതായിട്ടുണ്ട്. ലീസിനായി ലഭിക്കുന്ന അപേക്ഷകൾ ജില്ലാ ഓഫീസിൽ നിന്നും പരിശോധന നടത്തി മൈനിംഗ് & ജിയോളജി വകുപ്പിന്റെ ആസ്ഥാന കാര്യാലയത്തിലേയ്ക്ക് അയയ്ക്കുകയും അവിടെ നിന്നും ലെറ്റർ ഓഫ് ഇൻഡന്റും, തുടർന്ന് ലീസും അനുവദിക്കുന്നതാണ്. |
| (ബി) | ഇതിന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ അനുമതി ആവശ്യമാണോ; | (ബി) | മൈനിങ് ആൻഡ് ജിയോളജി വകുപ്പിന്റെ അനുമതി ആവശ്യമാണ്. |
| (സി) | അനുമതിക്കായി സമർപ്പിക്കേണ്ട രേഖകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (സി) | (എ) പിരിവിലെ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ